എൻ. ഇ. എസ്സ്. ബ്ലോക്കുകൾ.

*1105. [13] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകൾ (1955-56-ൽ) ഈ സാമ്പത്തികവർഷത്തിൽ, പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതുമാസത്തിൽ;

(സി) തിരുവനന്തപുരം റൂറൽ എൻ. ഇ. എസ്സ്. ബ്ലോക്കിന്റെ തൊട്ടടുത്തു് ചിറയിൻകീഴ് ബ്ലോക്കു് അടുത്ത തവണയെങ്കിലും അനുവദിക്കപ്പെടുന്ന കൂട്ടത്തിൽ ഉൾപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകൾ അനുവദിച്ചതു് പ്ലാനിംഗ് കമ്മീഷനാണു്. ഈ സാമ്പത്തികവർഷം, അക്ടോബർ മാസത്തിൽ ആരംഭിച്ചവയ്ക്കു പുറമെ പുതുതായി ബ്ലോക്കുകൾ അനുവദിച്ചിട്ടിയിട്ടില്ല.

(ബി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ഈ കാര്യം ആലോചിക്കുന്നതാണു്.

ടാക്സേഷൻ എൻക്വയറി കമ്മിഷൻ.

*1106. [14] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ടാക്സേഷൻ എൻക്വയറി കമ്മിഷൻ റിപ്പോർട്ടനുസരിച്ചു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു് പുതിയ ധനാഗമമാർഗ്ഗം നൽകുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കമ്മിഷൻ റിപ്പോർട്ടിന്മേൽ ഏതെല്ലാം നിർദ്ദേശങ്ങളാണു് ഇതിനെ സംബന്ധിച്ചു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നതു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കാച്ചപ്പിള്ളി):

(എ, ബി) എല്ലാ നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു.

കർഷകസഹകരണ കാളനിർമ്മാണം.

*1107. [15] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഭൂമിയില്ലാത്ത 500 കൃഷിക്കാർക്കു് 5 ഏക്കർവീതം ഭൂമിയും, മൂലധനവും നൽകി സഹകരണാടിസ്ഥാനത്തിൽ കാളനിർമ്മാണം ചെയ്യാൻ പദ്ധതിയിടുന്നതനുസരിച്ചു് ഭൂമി വാങ്ങിക്കൊടുക്കുവാൻ പോകുന്നതു് ഏവിടെയൊക്കെയാണു്,

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്കീം അനുസരിച്ച് നാട്ടിൻപുറങ്ങളിലുള്ള കുട്ടിവനങ്ങൾ വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റിന്റെ അഭിപ്രായമെന്ത്;

(സി) കുന്നത്തൂർ താലൂക്കിലെ കൊടമൺ റിസർവ്വിൽപ്പെട്ട 7500-ൽപ്പരം ഏക്കർ ഭൂമി ഭൂമിയില്ലാത്ത കൃഷിക്കാരുടെ സഹകരണ കുടിസ്ഥാനത്തിലുള്ള കാളനൈസേഷനു കൊടുക്കണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്രകാരം ഒരു പദ്ധതി ഗവണ്മെന്റിനില്ല. എന്നാൽ ദേവികുളം, പീരുമേട് താലൂക്കുകളിൽ 1200 കുടുംബങ്ങളെ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലയളവിനുള്ളിൽ കുടിയിരുത്തുന്നതിനുള്ള ഒരു പദ്ധതിയുണ്ട്. ടി പദ്ധതി സഹകരണ കുടിസ്ഥാനത്തിലല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

പൈലറ്റ് ഇൻഡസ്ട്രീസ് പ്രോജക്ടിന്റെ ആഫീസർ.

* 1108. [19] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി പറയുമോ:

(എ) നെയ്യാറ്റിൻകര കേന്ദ്രമായി തുടങ്ങിവിട്ടുള്ള പൈലറ്റ് ഇൻഡസ്ട്രീസ് പ്രോജക്ടിന്റെ ആഫീസർ ഇതിനകം എന്തെല്ലാം പദ്ധതികൾക്കു രൂപം കൊടുത്തിട്ടുണ്ട്;

(ബി) ഈ പ്രോജക്ടിന്റെ മേലുള്ള നിയന്ത്രണം പൂർണ്ണമായും സ്റ്റേറ്റ് ഗവണ്മെന്റിനാണോ; അല്ലെങ്കിൽ ഈ ഗവണ്മെന്റിനു എന്തെല്ലാം അധികാരം ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പദ്ധതികളുടെ ഒരു ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്.†

(ബി) അതെ.

ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റി.

* 1109 [20] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ സ്റ്റേറ്റി എത്രയെണ്ണമുണ്ട്; എവിടെയെല്ലാം; ഏതെല്ലാം വ്യവസായങ്ങളിലാണ് അവ പ്രവർത്തിക്കുന്നത്; ചെറുകിട വ്യവസായങ്ങൾ വികസിപ്പിക്കാൻ ഈ സംഘങ്ങൾ സഹായകമാണോ;

(ബി) നെയ്യാറ്റിൻകര ഇൻഡസ്ട്രീസ് കോവാപ്പറേറ്റീവു സൊസൈറ്റിയുടെ പ്രവർത്തനം ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ; അതു മാതൃകാസഹകാരിസംഘമാണെന്നു ഗവണ്മെന്റ് കരുതുന്നുണ്ടോ;

(സി) ആ സംഘത്തിന്റെ അംഗസംഖ്യയും മാത്രമല്ല; ആ സംഘത്തിനു ഗവണ്മെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്?

† Please See Appendix XXVIII.

LIBRARY ARCHIVES Kerala Legislative Assembly